

## സെന്റ് തെരേസാസ് അഡോറേഷൻ കോൺവെന്റ് കൊടുവേലി

സ്ഥാപനം : 1957

യാത്രാസൗകര്യങ്ങൾ തീർത്തും കുറവുള്ള ഒരു ഗ്രാമപ്രദേശമാണ് കൊടുവേലി. അവിടെ ഉണ്ടായിരുന്ന സി.എം.ഐ വൈദീകരുടെ മാനേജ്മെന്റിലുള്ള സ്ക്കൂളിലും ആശുപത്രിയിലും സിസ്റ്റേഴ്സിന്റെ സേവനം ആവശ്യപ്പെട്ടതനുസരിച്ചാണ് ഒരു ശാഖാ മഠം ആരംഭിച്ചത്. ആദ്യകാലങ്ങളിൽ കോടിക്കുളത്തുനിന്ന് നടന്നു ചെന്നാണ് സ്ക്കൂളിൽ ജോലി ചെയ്തിരുന്നത്. പുതുതായി നിർമ്മിച്ച കൊവേന്തയിലേയ്ക്ക് അച്ചന്മാർ താമസം മാറ്റിയപ്പോൾ അവർ താമസിച്ചിരുന്ന കെട്ടിടവും സ്ക്കൂളും നമുക്ക് ദാനമായി നല്കിയപ്പോൾ 1957-ൽ സിസ്റ്റേഴ്സ് അവിടെ താമസമാരംഭിച്ചു. കൂടാതെ 2 ഏക്കർ 75 സെന്റ് സ്ഥലവും അവർ ദാനമായി നല്കിയിട്ടുണ്ട്. കൊവേന്ത കെട്ടിടം ജീർണ്ണിച്ചപ്പോൾ 1974-ൽ പുതുക്കിപ്പണിതു. 2 പതിറ്റാണ്ടുകൾക്കുശേഷം ആ കെട്ടിടം പൊളിച്ച് 1993-ൽ പുതുക്കി പണിത് വെഞ്ചരിച്ചു. കൊവേന്തയുടെ കീഴിൽ നടത്തിയിരുന്ന ആശുപത്രി ഡിസ്പെൻസറിയായി മാറ്റുകയും 1995-ൽ മഠത്തിന് വിട്ടുകൊടുക്കുകയും ചെയ്തു. ഇപ്പോൾ മഠത്തോടനുബന്ധിച്ചുള്ള മുറിയിൽ സിസ്റ്റേഴ്സ് ഡിസ്പെൻസറി നടത്തിവരുന്നു. 1983-ൽ സ്ക്കൂൾ upgrade ചെയ്ത് യു.പി.സ്ക്കൂൾ ആക്കി. കൂടാതെ മഠത്തോടനുബന്ധിച്ച് ഒരു free boarding ഉം നടത്തിവരുന്നു